(ഇ) ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക 48 (നാൽപ്പത്തിയെട്ട്) കോടി രൂപയോളമാണ്. അതിൽ 34.24 കോടി രൂപയോളം പദ്ധതിക്കായി വിനിയോഗിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(എഫ്) പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ ഇ.ഇ.സി.യുടെ പ്രതിനിധികൾ കാലാകാലങ്ങളിൽ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്. കൂടാതെ ഒരു റിവ്യൂ മിഷൻ 1998-ൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുവാൻ എത്തിയിരുന്നു. റിവ്യൂ മിഷൻ ശുപാർശ ചെയ്തതനുസരിച്ചാണ് പ്രോജക്ടിന് 2000-മാണ്ട് ഡിസംബർ വരെ കാലാവധി ദീർഘിപ്പിച്ചു കിട്ടിയത്. ഇതുകൂടാതെ യൂറോപ്യൻ യൂണിയൻ കൗൺസിലർ 8-2-2000 മുതൽ 11-2-2000 വരെ വിവിധ സ്കീമുകൾ സന്ദർശിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. സ്കീമുകൾ നിർമ്മാണത്തിനു ഏറ്റെടുക്കുന്നതിനോടൊപ്പം അവ പ്രയോജനകരമായി നിലനിർത്തുവാനും കർഷകരെ നൂതന കൃഷിരീതി സംബന്ധിച്ച അറിവുകളും പരിശീലനങ്ങളും നല്കിക്കൊണ്ട് 250 സ്കീമുകൾ പൂർത്തിയാകുന്നതിനാവശ്യമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തു. ഇതനുസരിച്ചു വർക്ക് പ്ലാൻ പുതുക്കി നിശ്ചയിക്കുകയും അതിലേക്കായി മൊത്തം 34.24 കോടി രൂപയുടെ മതിപ്പു തുകയ്ക്കുള്ളത് 10-2-2000-ൽ കൂടിയ സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം

17 (*47) ശ്രീ. എം. എ. തോമസ് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് സഹകരകണ മേഖലയിൽ കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് സഹകരണ മേഖലയിൽ കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെ എന്നു വ്യക്തമാക്കുമോ ;

(ഇ) സഹകരണ എഞ്ചിനീയറിംഗ് കോളേജുകളിൽ ശാസ്ത്ര-സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടുന്ന തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കാൻ പദ്ധതിയിട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാദമിയുടെ കീഴിൽ (കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ) വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ഈ വർഷം ആരംഭിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) സഹകരണ അക്കാഡമിയുടെ കീഴിൽ തുടർന്നുള്ള വർഷങ്ങളിൽ ചില എഞ്ചിനീയറിംഗ് കോളേജുകൾ കൂടി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ആന്റ് (ഡി) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്ത് സഹകരണ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുന്നതു ഏറ്റവും ഉചിതമായ ഒരു പദ്ധതിയായി കാണുകയുണ്ടായി. തൊഴിലധിഷ്ഠിത കോഴ്സുകളുടെ പഠനത്തിന് ഇവിടെ ഇപ്പോഴുള്ള സ്ഥാപനങ്ങളുടെ എണ്ണം വളരെ പരിമിതമാണ്. പഠന സൗകര്യത്തിനായി ഭൂരിപക്ഷ വിദ്യാർത്ഥികളും മറ്റു സംസ്ഥാനങ്ങളിലെ സ്വാശ്രയ സ്ഥാപനങ്ങളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഈ അവസ്ഥയ്ക്ക് ഒരു പരിഹാരം അനിവാര്യമാണെന്നു കണ്ടതു കൊണ്ടാണ് വിശദമായ പഠനത്തിനുശേഷം സംസ്ഥാനത്ത് സഹകരണ മേഖലയിൽ കൂടുതൽ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുവാൻ സർക്കാർ തീരുമാനിച്ചത്. സർക്കാരിന്റെ സാമ്പത്തിക പരിമിതി കണക്കിലെടുത്താണ് സഹകരണ മേഖലയിൽ സ്ഥാപനങ്ങൾ തുടങ്ങുക എന്ന നയം സർക്കാർ കൈക്കൊണ്ടിരിക്കുന്നത്. എല്ലാ സീറ്റുകളിലെയും അഡ്മിഷൻ എൻട്രൻസ് പരീക്ഷയിലെ റാങ്ക് അടിസ്ഥാനത്തിൽ മാത്രമാണ്. കൂടാതെ സർക്കാർ നിയമമനുസരിച്ചുള്ള സംവരണം പാലിക്കുന്നുമുണ്ട്. ഉയർന്ന ഫീസും ഡെപ്പോസിറ്റും ഉൾപ്പെടുന്ന പേമെന്റ് സീറ്റുകളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധുമുട്ട് ഒഴിവാക്കുന്നതിന് അവർക്ക് ആവശ്യമായ തുക സഹകരണ ബാങ്ക് വഴി വായ്പ കൊടുക്കുന്നതിന് ഉള്ള സൗകര്യം തരപ്പെടുത്തിയിട്ടുണ്ട്. ഈ സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് നീതി പൂർവ്വമായ രീതിയിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യം ഒരുക്കുക എന്നതാണ് സഹകരണ അക്കാഡമിയുടെ കീഴിൽ പുതിയ സ്ഥാപനങ്ങൾ തുടങ്ങുക എന്നതുകൊണ്ട് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) സഹകരണ അക്കാഡമിയുടെ കീഴിൽ നിലവിലുള്ളതിനേക്കാൾ കൂടുതൽ ശാസ്ത്ര സാങ്കേതിക വിഷയങ്ങൾ ഉൾപ്പെടുന്ന തൊഴിലധിഷ്ഠിത കോഴ്സുകളും മെഡിസിൻ, മാനേജ്മെന്റ് പാരാമെഡിക്കൽ തുടങ്ങിയ മേഖലകളിലും കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കർഷക തൊഴിലാളികളുടെ പ്രശ്നങ്ങൾ

18 (*48) ശ്രീ. എ. കണാരൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവുംതൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly